പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2365 | 18.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, എം.ഉമ്മർ**<br>**,, സി.മോയിൻ കുട്ടി** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സുരക്ഷാ വിഭാഗം ശക്തിപെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ്സേഫ്റ്റി (അഡ്മിനിസ്ട്രേഷൻ & ലീഗൽ )എന്ന തസ്തികയും 3 ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (എൻഫോഴ്സ്മെന്റ്) തസ്തികയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവയിൽ ഓരോ തസ്തികയും നിയമസഭാനിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ സർക്കിൾ ഓഫീസ് എന്ന നിലയിൽ പുനസംഘടിപ്പിക്കുന്നതിലേക്കാവശ്യമായ 62 ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികയും വിവിധ ഭക്ഷ്യ സുരക്ഷാ ഓഫീസികളിലേക്കായി 99 ക്ലർക്ക്മാരുടെയും 30 ഓഫീസ് അറ്റന്റർമാരുടെയും തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകൾ ശക്തിപ്പെടുന്നതിന്റെ ഭാഗമായി ആയത് ദേശീയ നിലവാരത്തിലുള്ള അക്രഡിറ്റേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നതിനോടൊപ്പം 3 റിസർച്ച് ഓഫീസർ, 3 ജൂനിയർ റിസർച്ച് ഓഫീസർ, 3 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, 6 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികകളും ഇതിനകം പുതുതായി അനുവദിച്ചിട്ടുണ്ട്. |
| ബി) | ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) | ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികളുടെ ഭാഗമായി ഭക്ഷ്യരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ പേരെയും ഉറ്റക്കൊള്ളിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് ക്ലാസ്സുകളും, പരിശീലനപദ്ധതികളും, വിദ്യാർത്ഥികൾക്കിടയിൽ ഇതുസംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേകം ക്ലാസ്സുകളും ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ